"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കണ്ണൂർ ജില്ല - പ്രകൃതിക്ഷോഭത്തിൽ വീടുകൾക്ക് നാശം സംഭവിച്ചവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.358/2025/DMD തീയതി,തിരുവനന്തപുരം, 28-05-2025

---

പരാമർശം:- കണ്ണൂർ ജില്ലാകളക്ടറുടെ 14.05.2025-ലെ DCKNR/4375/2025-DM1 നമ്പർ കത്ത്.

**ഉത്തരവ്**

2023, 2024 വർഷങ്ങളിലുണ്ടായ പ്രകൃതിക്ഷോഭങ്ങളിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് ദുരിതാശ്വാസം അനുവദിക്കുന്നതിനായി 2245-02-113-99 Repair to Flood Damaged Houses എന്ന ശീർഷകത്തിൽ 1,26,000/- രൂപ മാത്രമേ നിലനിൽക്കുന്നതുള്ളൂയെന്നും അതിനാൽ, ബാക്കിയുള്ള അപേക്ഷകൾക്കും, കൂടാതെ ഈ സാമ്പത്തിക വർഷത്തിൽ ലഭിക്കുന്ന പുതിയ അപേക്ഷകൾക്കും ദുരിതാശ്വാസ സഹായം അനുവദിക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 5,00,00,000/-(അഞ്ച് കോടി ) രൂപ അനുവദിച്ചു നൽകണമെന്ന് കണ്ണൂർ ജില്ലാ കളക്ടർ അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലാകളക്ടറുടെ അപേക്ഷ പരിഗണിച്ച് പ്രകൃതിക്ഷോഭങ്ങളിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് ദുരിതാശ്വാസം അനുവദിക്കുന്നതിന് 2245-02-113-99 Repair to Flood Damaged Houses എന്ന ശീർഷകത്തിൽ നിന്ന് 5,00,00,000/- രൂപ (അഞ്ചു കോടി രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുരാധ കെ സി

അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാകളക്ടർ, കണ്ണൂർ
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sivaprasad V N**
**Date: 30-05-2025 13:11:08**

സെക്ഷൻ ഓഫീസർ